**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 424** **05-07-2024 - ൽ മറുപടിയ്ക്ക്**

**കർഷക ആത്മഹത്യ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക ആത്മഹത്യ വർദ്ധിച്ചുവരുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **കാർഷിക പ്രശ്നങ്ങളാൽ കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യം കേരളത്തിൽ നിലവിലില്ല. കർഷക പ്രശ്നങ്ങളിൽ സമയബന്ധിതമായി ഇടപെട്ട് പരിഹാരം ഉണ്ടാക്കുന്ന സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.** |
| (ബി) | കടബാധ്യത മൂലം പാലക്കാട് പുതുശ്ശേരിയിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കിൽ പുതുശ്ശേരി കൃഷിഭവൻ പരിധിയിലെ ശ്രീ.രാധാകൃഷ്ണൻ വി. (56 വയസ്സ്) എന്ന കർഷകൻ 07/06/2024 തീയതി കീടനാശിനി കഴിച്ച് ഗുരുതരാവസ്ഥയിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും 18/06/2024-ന് മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ടിയാന് വേനോലി പാടശേഖരത്തിൽ 2 ഹെക്ടർ നെൽകൃഷി ഉണ്ട്. 2023-24 വരെ നെൽകൃഷിക്കുള്ള എല്ലാ ആനുകൂല്യങ്ങളും ടിയാൻ കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ രണ്ടാം വിള സമയത്ത് 10590 കി.ഗ്രാം നെല്ല് ടിയാനിൽനിന്നും സപ്ലൈകോ സംഭരിക്കുകയും അതിന്റെ വിലയായ 2,99,908/- രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ കർഷക ആത്മഹത്യ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | കേരളത്തിലെ കർഷകരുടെ വരുമാനത്തിൽ 50% എങ്കിലും വർദ്ധനവ് ഉണ്ടാക്കണമെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. സംസ്ഥാന കേന്ദ്ര പദ്ധതി വിഹിതം ഇക്കാര്യത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്. ഉല്പാദനം, വിപണനം എന്നിവയിൽ ശാസ്ത്രീയമായ ഇടപെടലുകൾ നടത്തുന്നതിനോടൊപ്പം കർഷക ക്ഷേമ പ്രവർത്തനങ്ങൾക്കും സർക്കാർ മുൻഗണന നൽകുന്നുണ്ട്. നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക, നെൽ കർഷകർക്ക് പിന്തുണ നൽകുക എന്ന ഉദ്ദേശത്തോടെ 57 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ളത്. 82480.88 |

ഹെക്ടർ പാടശേഖരങ്ങൾക്ക് ഉല്പാദനോപാധികൾക്കുള്ള ധനസഹായവും അത്യുത്പാദന ശേഷിയുള്ള 4748 ടൺ നെൽ വിത്തും കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഈ സർക്കാരിന്റെ കാലയളവിൽ 27.99 ലക്ഷം ടൺ നെല്ല് കർഷകരിൽ നിന്ന് സംഭരിക്കുകയും 7273.95 കോടി രൂപ വിലയായി നൽകുകയും ചെയ്തിട്ടുണ്ട്.

നാളികേര കർഷകർക്ക് പിന്തുണ നൽകുന്നതിനായി 2023-24 വർഷം 50 കേര ഗ്രാമങ്ങൾ നടപ്പിലാക്കുകയും വിവിധ ഘടക പദ്ധതികൾക്കായി 39.74 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, ഓപ്പൺ പ്രിസിഷൻ ഫാമിംഗ്, മഴമറകൃഷി തുടങ്ങിയവയിലൂടെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 59.96 കോടി രൂപയാണ് 2023-24 വർഷം ചെലവഴിച്ചത്. കർഷക വരുമാനം ഉറപ്പാക്കാനായി വിളയധിഷ്ഠിത കൃഷി രീതിയിൽ നിന്നും വിളയിടാധിഷ്ഠിത കൃഷി രീതിയിലേക്ക് 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കൃഷി വകുപ്പ് മാറിയിട്ടുണ്ട്. ഫാം പ്ലാനുകൾ രൂപീകരിച്ച് കൃഷിയിടത്തിലെ പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തി കർഷക വരുമാനം ഉയർത്തുന്ന രീതിയാണ് അവലംബിക്കുന്നത്.

വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കാർഷിക ആവാസ വ്യവസ്ഥയ്ക്ക് അനുപൂരകമായ കൃഷി രീതി അവലംബിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആവാസ വ്യവസ്ഥക്കനുസൃതമായ വിളകൾ നിശ്ചയിച്ച് നൽകിയും ഈ വിളകൾ കേന്ദ്രീകരിച്ചുള്ള സാമ്പത്തിക സഹായം എത്തിച്ചുമാണ് പദ്ധതി നടപ്പാക്കുന്നത്.

വന്യമൃഗാക്രമണങ്ങളിൽ നിന്നും വിളകളെ സംരക്ഷിക്കുന്നതിന് 25 കോടി രൂപയുടെ RKVY പദ്ധതി, 1.88 കോടി രൂപയുടെ സംസ്ഥാന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. വനം വകുപ്പിന്റെ എതിർപ്പില്ലാത്ത അസംരക്ഷിത വന പ്രദേശത്തും മറ്റ് ഭൂരേഖകൾ ലഭ്യമല്ലാതെ കൃഷി ചെയ്യുന്ന കർഷകർക്കും കൃഷി വകുപ്പിന്റെ ആനുകൂല്യം ലഭ്യമാകത്തക്ക വിധം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും

പരിഹരിക്കുന്നതിനുമായി കൃഷി ദർശൻ പരിപാടി സംഘടിപ്പിച്ചു വരുന്നു.

കർഷക വരുമാനം കൂട്ടായ്മകൾ സൃഷ്ടിച്ച് ഉയർത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾ മുഖേന ഉല്പാദനം, സംസ്കരണം, മൂല്യവർദ്ധിത മേഖലകളിൽ ഇടപെടലുകൾ നടത്തി വരുന്നു. കൃഷിക്കൂട്ടങ്ങൾ ചേർന്ന് രൂപീകരിച്ച കർഷക ഉല്പാദക സംഘടനകൾ കർഷക വരുമാനം ഉയർത്തുവാനായി നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുന്നുണ്ട്. ഇവർക്കാവശ്യമായ പിന്തുണ സർക്കാർ നൽകി വരുന്നുണ്ട്.

പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ, വന്യ ജീവി ആക്രമണം എന്നിങ്ങനെ അവിചാരിതമായ കാരണങ്ങൾ ഉണ്ടാകുന്ന കൃഷി നാശം നേരിടുന്നതിന് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നു. സ്വന്തമായി ഭൂമി ഇല്ലാത്ത കർഷകർക്കും പട്ടയ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്കും ദീർഘകാല ഹ്രസ്വകാല വിളകൾക്ക് സംസ്ഥാന വിള ഇൻഷുറൻസ് പരിരക്ഷ നൽകുന്നുണ്ട്. ഇത്തരം കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസവും നൽകുവാനുള്ള നടപടികളും സർക്കാർ പൂർത്തീകരിച്ചു വരുന്നു.

കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ 59375 കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം 1378.906334 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് പദ്ധതി പ്രകാരം 131888 കർഷകർക്ക് 26171.18056 ലക്ഷം രൂപ നടത്തിപ്പ് ഏജൻസിയായ അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി മുഖേന നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇൻഷുറൻസ് പ്രീമിയം സബ്സിഡിയായ 14492.33854 ലക്ഷം രൂപ ഇൻഷുറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കൃഷിനാശം സംഭവിച്ച 105784 കർഷകർക്ക് സംസ്ഥാന വിഹിതം 7963.088 ലക്ഷം രൂപയും, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതം 129320 കർഷകർക്ക് 2949.67267 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

ഉത്പാദനത്തിനിടെ വിലയിടിവ് തടയുന്നതിനും കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സുദൃഢമായ വിപണന സംവിധാനങ്ങൾ നിലവിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കി വരുന്നു. നെല്ലിന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സംഭരണ വില (28.20 രൂപ) നൽകി വരുന്നു. പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 34 രൂപ നൽകി സംഭരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയങ്ങൾ മൂലം വിലയിടിവ് നേരിടുന്ന റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2 ഹെക്ടർ വരെ വിസ്തൃതിയുള്ള റബ്ബർ കർഷകരിൽ നിന്നും കിലോ ഗ്രാമിന് 180 രൂപ ക്രമത്തിലാണ് റബ്ബർ ശേഖരിക്കുന്നത്. നാളിതുവരെ 2054 കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

വില നിലവാരം സ്ഥിരപ്പെടുത്തുന്നതിനുള്ള വിപണി ഇടപെടൽ പിന്തുണയ്ക്കുന്നതിനും 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വില കർഷകർക്ക് നൽകുന്നതിനുള്ള പിന്തുണയും ചെയ്തു വരുന്നു. കർഷകർക്കായി 'കേരളഗ്രോ' എന്ന പൊതു ബ്രാൻഡ് സ്ഥാപിക്കുകയും ഗുണമേന്മ ഉയർത്തി അധിക വരുമാനം ലഭിക്കത്തക്ക വിധം ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുന്നു. കാർഷികോല്പന്ന സംസ്കരണത്തിനും വിപണനത്തിനും കയറ്റുമതിക്കും ലക്ഷ്യം വച്ച് കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരികയും ചെയ്യുന്നുണ്ട്.

കാർഷിക മേഖലയിലെ സംരംഭകത്തിലും മൂല്യവർദ്ധനയിലും നൂതന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കാർഷിക ഉത്പാദനം, സംസ്കരണം, വിതരണം എന്നീ മേഖലകളിൽ കർഷക ഉത്പാദന സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നു. അവയുടെ രൂപീകരണത്തിനും വികസനത്തിനുമായി കേന്ദ്ര സംസ്ഥാന സഹായ പദ്ധതികൾ സംയോജിപ്പിച്ചു നടപ്പിലാക്കി വരുന്നു.

കാലാവസ്ഥ വ്യതിയാനം അതിജീവിച്ചു കർഷകർക്ക് കൃഷിയിൽ നിന്നും കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് ലക്ഷ്യം വച്ച് 'കേര' എന്ന പേരിൽ

| | | | |
|---|---|---|---|
| | | | ഒരു സമഗ്ര പദ്ധതി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനോടൊപ്പം കർഷക സുരക്ഷയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കർഷകർക്ക് പെൻഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിക്ക് ആവശ്യമായ തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നല്കുന്നത്. കാർഷിക വികസനവും കാർഷിക ക്ഷേമവും വേർതിതിരിക്കാനാവാത്തവണ്ണം ബന്ധപ്പെട്ടിരിക്കുന്നതിനാൽ കർഷക ക്ഷേമ നിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ